വർഷം	ഐ.പി.
1996	1154
1997	1078
1998	1281
1999	1283
2000	1356
2001	1388

(ബി) വാർഡ് സൗകര്യമനുസരിച്ച് 50 പേരെ കിടത്തി ചികിത്സിക്കുന്നുണ്ട്.

(സി) ദൈനംദിന ശരാശരി 300 ഓളം ഔട്ട് പേഷ്യൻസ് ചികിത്സക്കായി എത്തുന്നു. ഐ.പി. ഒ.പി. വിഭാഗങ്ങൾക്ക് ആവശ്യമായ മരുന്നുകൾ ലഭ്യമാണ്.

(ഡി) നോംസ് അനുസരിച്ച് വടവ്കോട് സി.എച്ച്.സി.യിൽ ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. നബാർഡ് സ്കീമിൽ ഉൾപ്പെടുത്തി എക്സ്റേ യൂണിറ്റ്, ബ്ലഡ് ബാങ്ക് എന്നിവ സ്ഥാപിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു. പഞ്ചായത്ത് അധികൃതർ ദൈനംദിന ചെലവുകൾ, റിപ്പയർ ചെലവുകൾ, ഡ്രൈവറുടെ ശമ്പളം എന്നിവ വഹിക്കാൻ തയ്യാറാകുന്നപക്ഷം ആംബുലൻസ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ഇ) വടവുകോട് സി.എച്ച്.സി.യെ കൂടി ഉൾപ്പെടുത്താനുള്ള നിർദ്ദേശം പരിശോധിച്ച് വരികയാണ്.

(എഫ്) പുനഃസജ്ജീകരണത്തിനുവേണ്ട വിശദമായ പ്രൊപ്പോസൽ നബാർഡ് സ്കീമിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അവ പരിശോധിച്ച് വരികയാണ്.

ബാലുശ്ശേരി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന് പുതിയ കെട്ടിടം

163 (3117) ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ പഴയ കെട്ടിടം പുതുക്കി പണിയുന്നതിന് ബ്ലോക്ക് പഞ്ചായത്ത് അനുവാദം ആവശ്യപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അനുവാദം നൽകിയോ എന്നുള്ള വിവരം വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 20-11-2002-ൽ ആരോഗ്യവകുപ്പ് ഡയറക്ടർ അനുവാദം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly